TB Movie Panel Weekly Review

#moviepanel

Dikkiloona

സന്താനത്തിന്റെ സിനിമകളിലെ സ്ഥിരം ചേരുവകളിൽ Time Travel എന്ന ആശയം കൂടി ചേർത്താൽ അത് ദിക്കിലൂണ എന്ന സിനിമയായി.തമിഴ്നാട് ഹോക്കി താരവും ഇന്ത്യയുടെ ഭാവി വാഗ്ദാനവും എന്ന് കരുതപെട്ട മണി, പ്രിയയെ പ്രണയവിവാഹം ചെയ്ത ശേഷം അജ്ഞാതമായ ചില കാരണങ്ങളാൽ ജീവിതത്തിൽ തകർന്നു പോകുന്നു. പിന്നീട് Electricity Board ഉദ്യോഗസ്ഥനായി മാറിയ മണി ഒരു ഭ്രാന്താശുപത്രിയിൽ ചെക്കിങ്ങിനു എത്തുമ്പോൾ ആണ് Time Travel പരീക്ഷണവുമായി വർഷങ്ങൾ ചിലവാക്കിയ Dr Stanford നു അടുത്ത് എത്തപ്പെടുന്നത്. അവിടെ നിന്നാണ് സിനിമ തുടങ്ങുന്നത് എന്നും പറയാം.

Time Travel സിനിമകളിലെ Classic ആയ Back to Future, തമിഴിലെ ആദ്യ Time Travel Movie ആയ 'ഇൻട്രു നേട്രു നാളെയ്' എന്നിവയുടെ സ്റ്റൈലിൽ ഉള്ള ടൈം ട്രാവൽ concept ആണ് ഈ സിനിമയും പിന്തുടരുന്നത്. Sci-Fi സിനിമയായി ഒരിക്കലും ഈ സിനിമയെ കാണേണ്ടതില്ല.ലോജിക് വെച്ച് കാണാൻ കാര്യമായി ഒന്നും തന്നെ ഇതിൽ ഇല്ല.പക്ഷെ സന്താനം-യോഗി ബാബു ഉൾപ്പെടുന്ന ടീമിന്റെ ചില തമാശകൾ ഈ സിനിമയെ രസകരമായി മുന്നോട്ട് കൊണ്ടു പോകുന്നു. രക്ഷാധികാരി ബൈജു, പറവ എന്ന സിനിമകളിലൂടെ അരങ്ങേറ്റം കുറിച്ച് അനഘയാണ് ഈ സിനിമയിലെ പ്രിയ എന്ന നായിക കഥാപാത്രത്തെ അവതരിപ്പിച്ചിരിക്കുന്നത്. തമിഴിൽ നടനായി വന്ന് 'Maanagaram' എന്ന ഗംഭീരസിനിമയുടെ സംഭാഷണങ്ങൾ ഒരുക്കി ശ്രദ്ധേയനായ കാർത്തിക്ക് യോഗി ആദ്യമായി സംവിധാനം ചെയ്യുന്ന സിനിമ കൂടിയാണ് ദിക്കിലൂണ.

മൈക്കൽ മദന കാമ രാജൻ സിനിമയിൽ ഇളയരാജയുടെ സംഗീതത്തിൽ മലേഷ്യ വാസുദേവനും S ജാനകിയും ആലപിച്ച 'പേർ വെച്ചാലും വെക്കാമ പോണാലും' എന്ന ഗാനം ഈ സിനിമയിൽ വീണ്ടും ഉപയോഗിച്ചിട്ടുണ്ട്.ഈ സിനിമയുടെ വിജയത്തിന് ഈ മനോഹര ഗാനത്തിനും ചെറുതല്ലാത്ത പങ്കുണ്ട്.

ശങ്കറിന്റെ ജെന്റിൽമാൻ സിനിമയിൽ സെന്തിൽ - ഗൗണ്ടമണി തമാശകൾക്ക് ഇടയിൽ ഉപയോഗിക്കുന്ന ഒരു വാക്കാണ് 'ദിക്കിലൂണ' എന്നത്. ഈ സിനിമയിലും കൌണ്ടർ തമാശകൾക്ക് യാതൊരു പഞ്ഞവുമില്ല..

സ്ഥിരം സന്താനം സിനിമകളിൽ നിന്ന് ഒരൽപ്പം മുകളിൽ നിൽക്കുന്ന ഈ സിനിമ തീർച്ചയായും കണ്ടിരിക്കാവുന്ന ഒന്ന് തന്നെയാണ്.